THE HINDU RELIGIOUS INSTITUTIONS BILL—*(cont.)*

ശ്രീ. എ. കെ. പാച്ചുപിള്ള : സർ, പേഴ്സൺ ഇൻറർസ്റ്റഡ് എന്നു പറയുന്നതു് എന്തുകൊണ്ടു ക്ഷേത്രവിശ്വാസി ആയിരിക്കുന്നില്ല എന്നാണു് ഞാൻ സമർപ്പിക്കാൻ പോകുന്നതു്. ഈ ക്ഷേത്രങ്ങളിൽ പൂജ അടിയന്തിരാദികളും അനേകം ആചാരക്രമങ്ങളും പരിപാലിക്കുന്നവരും ക്ഷേത്രങ്ങളും അല്ലെങ്കിൽ ക്ഷേത്ര ഉടമയിലുള്ള സ്വത്തുക്കളും സംരക്ഷിക്കുകയും ചെയ്യുന്നവരും അതിൽ വിശ്വാസമുള്ളവരേയും വേണം പേഴ്സൺ ഇൻറർസ്റ്റഡ് എന്നു പറയുന്നതു്. അതായതു് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു് വ—ാംവകുപ്പ് രണ്ടാം ഉപവകുപ്പും ൻപതാം വകുപ്പു രണ്ടാം ഉപവകുപ്പും പ്രയോഗത്തിൽ കൊണ്ടുവരേണ്ട സന്ദർഭങ്ങളിൽ ആണു് പേഴ്സൺ ഇൻറർസ്റ്റഡ് ആയ ആളിൻെറ ആവശ്യം വരുന്നതു്. ഏഴാമത്തെ ക്ലാസിലാണു് ഡിസ്കാളിഫിക്കേഷൻ ആഫ് ദി മെമ്പേഴ്സിനെപ്പറ്റി പറഞ്ഞിരിക്കുന്നതു്. അങ്ങിനെ ഏഴാമത്തെ വകുപ്പിൽ പറഞ്ഞിരിക്കുന്നതായ അയോഗ്യത അനുസരിച്ചു് ഒരാളെ മെമ്പർ സ്ഥാനത്തു് നിന്നും മാറ്റണമെങ്കിൽ അല്ലെങ്കിൽ അയോഗ്യതയുണ്ടെന്നു സ്ഥാപിച്ചു കിട്ടണമെന്നുണ്ടെങ്കിൽ പേഴ്സൺ ഇൻറർസ്റ്റഡ് (താല്പര്യമുള്ളയാൾ) വ—ാംവകുപ്പു രണ്ടാം ഉപവകുപ്പനുസരിച്ചു ഡിസ്ട്രിക്ട് കോടതിയിൽ കേസുകൊടുത്തു സ്ഥാപിച്ചുകൊണ്ടുവരാം. ൻ—ാംവകുപ്പു് രണ്ടാം ഉപവകുപ്പനുസരിച്ചു ഭർത്തരണംകൊണ്ടോ പണാപഹരണംകൊണ്ടോ ബോർഡിലെ ഏതെങ്കിലും ഒരംഗത്തെ അയോഗ്യനാക്കാനും മറേറതെങ്കിലും പ്രവർത്തനംകൊണ്ടു് അയാളെ ആ സ്ഥാനത്തു നിന്നും നീക്കാനും പേഴ്സൺ ഇൻറർസ്റ്റഡ് (താല്പര്യമുള്ളയാൾ) ഹൈക്കോടതിമുമ്പാകെ ഹർജി കൊടുക്കുന്നതിനും വ്യവസ്ഥയുണ്ടു്. താൽപ്പര്യമുള്ള ആളിനു് വ രണ്ടാം വകുപ്പനുസരിച്ചും ൻ—രണ്ടാം ഉപവകുപ്പനുസരിച്ചും ഡിസ്ട്രിക്ട് കോടതിയിലും ഹൈക്കോടതിയിലും ഹർജികൾ കൊടുക്കാമെങ്കിൽ അങ്ങിനെയുള്ള ആൾ എന്തു കാരണത്താലാണു് ക്ഷേത്ര വിശ്വാസിയായിരിക്കേണ്ടതെന്നു് നോക്കേണ്ടതാണു്. അതു നോക്കുന്നപക്ഷം ജനനാൽമാത്രം ഹിന്ദു ആയിരുന്നാൽപോരാ അതിൽ കവിഞ്ഞു യോഗ്യതയുള്ള ആളായിരിക്കണം. ഹിന്ദു എന്നവച്ചാൽ രണ്ടു വിധത്തിലുണ്ടു്. പരബ്രഹ്മത്തിൽ മാത്രം വിശ്വസിച്ചുള്ള ആളിനും ഹിന്ദു ആകാം.

ശ്രീ. തര്യത കുഞ്ഞിതൊമ്മൻ : മതവിശ്വാസമുള്ള ആളിനും ഹിന്ദു ആകാമോ?

മിസ്റ്റർ സ്പീക്കർ : ആർഡർ, ആർഡർ. അതിനുത്തരം പറയേണ്ട. മെമ്പർ അദ്ദേഹത്തിൻെറ സ്ഥാനത്തല്ല ഇരിക്കുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള : ക്ഷേത്രസ്വത്തുക്കളുടെ കൈകാര്യം സംബന്ധിച്ചും ക്ഷേത്രാചാരങ്ങളും, പൂജാദി അടിയന്തിരങ്ങളും സംബന്ധിച്ചും വിശ്വാസമുള്ള ആൾ ഇൻറർസ്റ്റഡ് പേഴ്സൺ ആയിരുന്നാൽ മാത്രമേ ഈ ബോർഡംഗങ്ങളുടെ പ്രവർത്തനത്തെ ചോദ്യം ചെയ്യുവാൻ അവകാശവും അർഹതയും ലഭിക്കുന്നുള്ളു.

പരബ്രഹ്മത്തെ മാത്രം വിശ്വസിച്ചു ക്ഷേത്രങ്ങളിൽ വിശ്വാസമില്ലാതെ ഇരിക്കുന്ന ആൾ ക്ഷേത്രങ്ങളിൽ നടത്തുന്ന പൂജ അടിയന്തിരാദികളെ സംബന്ധിച്ചു് എന്തറിവുണ്ടായാലും അയാൾക്കു യാതൊരു താൽപര്യവും അവിടെ ഉണ്ടാകാൻ ഇടയില്ല. അതുകൊണ്ടാണു ഞാൻ പറയുന്നതു പേഴ്സൺ ഇൻറർസ്റ്റഡ് എന്നു പറയുന്ന ആൾ ക്ഷേത്രവിശ്വാസിക്കൂടിയായിരിക്കണമെന്നും ക്ഷേത്രത്തിൽ പോകാത്ത ആളിനു് ഇങ്ങനെ പരാതിപ്പെടുന്നതിനു് അവകാശവും അർഹതയും ഇല്ലാതാക്കണമെന്നും. അതു സാധിക്കുന്നതിലേക്കാണു് എൻെറ ഈ അമൻറുമെൻറ് ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. ഇങ്ങനെ ആത്മികമായും ഭൗതികമായും ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള വിശ്വാസംകൂടി അയാൾക്കുണ്ടായിരിക്കണം എന്നുള്ളതാണു ഈ പേഴ്സൺ ഇൻറർസ്റ്റഡ് എന്നുള്ള എൻെറ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിച്ചിരിക്കുന്നതു്. അതുകൊണ്ടാണു് എൻെറ ഭേദഗതിയെ സ്വീകരിക്കണമെന്നു ഞാൻ പറഞ്ഞതു്.

ശ്രീ. ടി. കെ. നാരായണപിള്ള : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അദ്ദേഹത്തിൻെറ ഭേദഗതി സ്വീകരിക്കുപക്ഷം ഹിന്ദു സമുദായത്തിൽ രണ്ടു വിഭാഗക്കാർ അവശ്യം ഉണ്ടാകേണ്ടതായിവരും. ഒന്നു് ക്ഷേത്ര വിശ്വാസികളും മറെറാന്നു് ക്ഷേത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

വിശ്വാസമില്ലാത്തവരും. ഇങ്ങനെ രണ്ടു വിഭാഗം ജനത ഹിന്ദു സമുദായത്തിൽ ഉണ്ടാവുക എന്നുള്ളതാണ് അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം വരുന്ന അനർത്ഥം.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോൾ തന്നെ അങ്ങിനെയുള്ള രണ്ടു കൂട്ടർ ഹിന്ദുമതത്തിലില്ലേ? അതേ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ രണ്ടു വിഭാഗം ഉണ്ടെങ്കിലും ഇല്ലെങ്കിലും നിയമപ്രകാരം അങ്ങിനെ ഒരു വിഭജനം നടത്തണമെന്ന ഉദ്ദേശമില്ലാത്തതുകൊണ്ടാണ് ഈ ഭേദഗതി ചെയ്യണമെന്ന് വിചാരിക്കാത്തത്. ക്ഷേത്ര വിശ്വാസികളല്ലെങ്കിലും ക്ഷേത്രകാര്യങ്ങളിൽ താൽപ്പര്യമുള്ളവർ ഹിന്ദുസമുദായത്തിൽ ധാരാളമുണ്ട്. അങ്ങിനെ താൽപ്പര്യമുള്ള ആളുകളേയും ഹിന്ദുസമുദായത്തിന്റെ ഭാവിയെ സാരമായി സ്പർശിക്കുന്ന സംഗതിയെക്കുറിച്ചു വേണ്ടവിധം പ്രവർത്തിക്കുന്നതിനു പ്രാപ്തിയുള്ള ആളുകളേയും തെരഞ്ഞെടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്. അദ്ദേഹം പറയുന്നതുമാതിരിയുള്ള പരബ്രഹ്മത്തെ സംബന്ധിച്ച് എന്തെങ്കിലും പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഹിന്ദുമതത്തെ സംബന്ധിച്ചുള്ള എന്റെ അറിവു പരിമിതമാണെന്നു ഞാൻ സമ്മതിക്കുന്നു. എന്റെ അറിവിൽ പെട്ടിടത്തോളം ഇത്രത്തോളം സഹിഷ്ണുതയുള്ള ഒരു മതം വേറെ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ക്ഷേത്രത്തിൽ പോകാതെ തന്നെ പരിപൂർണ്ണമായി ഹിന്ദുമതത്തിൽ വിശ്വസിക്കുവാൻ സാദ്ധ്യതകളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഈ മാതിരിയുള്ള കൃത്രിമമായ വിഭജനങ്ങൾ ഹിന്ദുമതത്തിൽ ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നു തോന്നിയതുകൊണ്ടാണ് ഇതിന്റെ നിർവ്വചനം ഇപ്രകാരം അവതരിപ്പിക്കുവാൻ ഇടയായിട്ടുള്ളത്.

The amendment was put and lost.

Sri. K. P. Nilakanta Pillai: Sir, I move that in Clause 2 (e) the words "under this part" may be substituted by the words "by the Board".

ഈ സബ്ക്ലാസ് ഇരിക്കുമ്പോൾ വീണ്ടും ഈ റൂംസ് ആരാണ് ഉണ്ടാക്കിയതെന്നുള്ളതിനെപ്പറ്റി ഒരു രൂപവുമില്ല.

Sri. Panampilli Govinda Menon: May I now point out to the Hon'ble Member that under Clause 35 it is definitely laid down that it is the Board and the Board only that can make rules.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : അങ്ങിനെയാണെങ്കിൽ എന്റെ ഭേദഗതി സ്വീകരിക്കുന്നതിൽ വിരോധമില്ലല്ലോ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലെങ്കിലും വിരോധമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഇല്ലെങ്കിൽ വിരോധമുണ്ട്. ക്ലോസ് 2 (e)ൽ "The Board may, subject to such conditions as may be prescribed, make bye-laws" prescribed means prescribed under the rules made under this Act. എന്നു കാണുന്നുണ്ട്.

ഈ ബോർഡിന്റെ കർത്തവ്യങ്ങൾ ചെയ്യുന്നതിനെപ്പറ്റിയുള്ള റൂളുകൾ, അതായത് അക്കൗണ്ട്സ് സൂക്ഷിക്കാനുള്ള ചട്ടങ്ങൾ അതുപോലെയുള്ള മറ്റു കാര്യങ്ങൾ ഇവയെപ്പറ്റിയെല്ലാം ആവശ്യമുള്ള ചട്ടങ്ങളും ബൈലാസും ഉണ്ടാക്കുവാനുള്ള അധികാരം 2(e)ാം വകുപ്പനുസരിച്ച് ഈ ബോർഡിനുണ്ട്. 6(1)ാം വകുപ്പനുസരിച്ച് കൊച്ചിയിൽ ഉണ്ടാക്കിയിരിക്കുന്ന ബോർഡിനും ആ പരിമിതമായ അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. 2(e)-ാം വകുപ്പനുസരിച്ച് ഈ ബില്ലിലെ വകുപ്പുകൾക്ക് വിപരീതമല്ലാത്തവിധത്തിൽ ബോർഡിനു ആവശ്യമുള്ള റൂളുകൾ ഉണ്ടാക്കുവാൻ അധികാരം കൊടുത്തിട്ടുണ്ട്. ഇതു സമ്മതിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അങ്ങിനെ 2(e)-ാം വകുപ്പനുസരിച്ച് റൂളുണ്ടാക്കുവാനുള്ള അധികാരം ബോർഡിലാണ് നിക്ഷിപ്തമായിരിക്കുന്നതെങ്കിൽ 2(o)(v) മുതലുള്ള വകുപ്പുകൾ കൊച്ചിയിലേയും തിരുവിതാംകൂറിലേയും രണ്ടു ബോർഡുകൾക്കും ഒരുപോലെ ഉപയോഗപ്പെടുമെന്നാണ് ഞാൻ കാണുന്നത്. ഈ ബില്ലിന്റെ പ്രയോക്താക്കളെ കുറ്റംപറയണമെന്നല്ല ഞാനുദ്ദേശിക്കുന്നത്. ഏതായാലും ഈ മിസലേനിയസ് വകുപ്പുകൾ പലസ്ഥലത്തും കാണുന്നുണ്ട്. പാട്ട് (2) തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിനെമാത്രമെ ബാധിക്കയുള്ള എന്നും പാട്ട് (ഉ) കൊച്ചിയിലെ ബോർഡിനേയും മാത്രമെ ബാധിക്കയുള്ള എന്നും പറഞ്ഞാൽ മനസ്സിലാക്കാം. എന്നാൽ, പാട്ട് (ന) കൊച്ചിയിലേയ്ക്കു മാത്രമാണൊ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു മനസ്സിലാക്കുവാൻ സാധ്യമല്ല. ഒടുവിലുള്ള മിസലേനിയസ് തിരുവിതാംകൂറിനും കൊച്ചിക്കും ബാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംകൂറിലേക്കുമുണ്ട് മിസലേനിയസ് വകുപ്പ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : രണ്ടായാലുംശരി, ഈ കുഴപ്പം ബോർഡാണ് വരുത്തിവയ്ക്കുവാൻ അധികാരമുള്ള ബാഡി എന്നു പറയുന്നതിലാണ്. ഏ വ-ാം വകുപ്പ് കൊച്ചിയെ ഉദ്ദേശിച്ചുള്ളതാണ്. ഏ വ-ാം വകുപ്പും ഫ ഏ-ാം വകുപ്പും ഏകദേശം തുല്യനിലയിൽ ഉള്ളതാണെന്നാണ് ഞാൻ അനുമാനിക്കുന്നതു്. ഫ ഏ-ാം വകുപ്പ് പാട്ട് ഫ-ൽ തിരുവിതാംകൂറിനെ ബാധിക്കുന്ന സംഗതികളുണ്ട്. ഫ ഘ വ-ാം വകുപ്പ് കൊച്ചി ബോർഡിനെ ബന്ധിക്കുന്നതാണ്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ ഇൻറർറപ്റ്റ് ചെയ്താൽ കൺഫ്യൂഷൻ കൂടിക്കൂടി വരുന്നതാണ്. എനിക്കു കൺഫ്യൂഷൻ ഇല്ലെന്നു ഞാൻ പറഞ്ഞില്ല. ഇതെല്ലാം ഇന്നലെ രാത്രി നോക്കി ശരിപ്പെടുത്തിയതാണ്. എങ്കിലും മന്ത്രിമാർ എത്രപറഞ്ഞാലും ഞാനിപ്പോൾ പറഞ്ഞതു ശരിയാണ്. ഞാൻ പറഞ്ഞതു തെറ്റാണെന്നു മന്ത്രിമാരും മന്ത്രിമാർ പറഞ്ഞതു തെറ്റാണെന്നു ഞാനും പറഞ്ഞാൽ തരക്കേടില്ല. Under this Part' അതായതു പാട്ട് ഫ എന്നു പറയുന്നതിനേക്കാൾ 'by the Board' എന്നു പറഞ്ഞാൽ തരക്കേടില്ല. പിന്നെ അതിനെ എതിർക്കുന്നതു എന്തിനാണ്? എതിർപ്പിനുവേണ്ടിയാണ് എതിർക്കുന്നതെങ്കിൽ അതു ഞാൻ സമ്മതിക്കുന്നു. എന്തായാലും 'by the Board' എന്നുള്ളതു സ്വീകരിക്കുന്നതിനെ എതിർക്കേണ്ട കാര്യമില്ല. ഫ ഏ, ഫ ഘ വ, ഫ ഘ ഘ ഈ വകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ച് ദേവസ്വം സംബന്ധിച്ചുള്ള ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം ബോർഡിനാണ് കൊടുത്തിരിക്കുന്നതു്. അതിനാൽ എന്റെ ഭേദഗതി സാംഗത്യമുള്ളതാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അതിനുള്ള കാരണങ്ങൾ പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഈ ബില്ലിന്റെ ഷെഡ്യൂൾ മനസ്സിലാക്കിയിട്ടുള്ളവർക്ക് ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കേണ്ടിവരികയില്ല. പാട്ട് ഫ തിരുവിതാംകൂറിനേയും പാട്ട് ഘ കൊച്ചിയേയും ബാധിക്കുന്നതാണ്. ന ഭ-ാം വകുപ്പ് രൂപീകരിക്കുവാനുള്ള അധികാരം ദേവസ്വം ബോർഡിനു് നൽകുന്നു. അതുകൊണ്ടു ഈ ഭേദഗതിയുടെ ആവശ്യമില്ല. ഞാൻ ഇതിനെ എതിർക്കുന്നു.

The amendment was put and lost.

Sri. Mannar Gopalan Nayar : Sir, I move that in Clause 2, after 'subject or context' the words "(a) 'Hindu' means and includes for the purpose of this Act one who possesses faith in the temple cult of Hindu Dharma."

സർ, ഇതിനുമുമ്പു് അവതരിപ്പിച്ച രണ്ടുമൂന്നു ഭേദഗതികളിൽവന്ന കുഴപ്പങ്ങൾ ഈ ഭേദഗതി സ്വീകരിച്ചാൽ പരിഹരിക്കുവാൻ സാധിക്കുമെന്നാണ് എന്റെ ആദ്യത്തെ നിർദ്ദേശം. 'ഇൻറർസ്റ്റഡ് പാർട്ടി' എന്നു പറയുന്നതുകൊണ്ടു് ചില വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതായി ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകളും എ. കെ. പാപ്പുപിള്ള അവർകളും പ്രസ്താവിക്കയുണ്ടായി. ഈ ബില്ലിൽ ഹിന്ദു എന്നുള്ളതിന്റെ നിർവചനം കൊടുത്തിട്ടില്ല. ഈ പരിഗണനയിൽ മുമ്പോട്ടുപോയാൽ വളരെ വളരെ കുഴപ്പങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ട്. അതുകൊണ്ട് ആരാണ് യഥാർത്ഥ ഹിന്ദു, ആർക്കാണ് ഈ ബിൽകൊണ്ടു പ്രയോജനമുണ്ടാകേണ്ടതു്, ആരെയാണ് ദേവസ്വം വസ്തുക്കൾ ഏല്പിക്കേണ്ടതു്, എന്നും മറ്റുമുള്ള വിഷമകരമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻവേണ്ടിമാത്രമാണ് ഹിന്ദു എന്നുള്ളതിന്റെ നിർവചനം ഉണ്ടായിരിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടതു്. ഹിന്ദുമതത്തിൽ പരബ്രഹ്മത്തിൽ വിശ്വസിക്കുന്നവരും ക്ഷേത്രാരാധനക്കാരും ഉണ്ടെന്നു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പ്രസ്താവിക്കയുണ്ടായി.

ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ അങ്ങിനെ പറഞ്ഞില്ല. പരബ്രഹ്മത്തെപ്പറ്റി ഞാനൊന്നും പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാന്നാർ ഗോപാലൻനായർ : പരബ്രഹ്മത്തെ അറിയേണ്ട. അതേപ്പറ്റി അറിയാൻ വളരെ പ്രയാസമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ പരബ്രഹ്മത്തെ നിർവചിച്ചില്ല.

Mr. Speaker : Order, Order. That is not part of the amendment.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഹൈന്ദവവിഭാഗത്തിൽ പരബ്രഹ്മത്തെ അറിയുന്നവരും ക്ഷേത്രാരാധനക്കാരും മാത്രമല്ല ഉള്ളതെന്നും ഈശ്വരൻ ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി യാതൊരു ചിന്തയും ഇല്ലാത്തവരുംകൂടി ഉണ്ടെന്നും വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ ബോർഡിന്റെ ആദ്യ തെരഞ്ഞെടുപ്പിൽതന്നെ ഈശ്വരനിൽ വിശ്വാസമില്ലെന്ന പ്രത്യക്ഷമായി പ്രമ്യാപിച്ചിട്ടുള്ള ഒരു മന്ത്രി വോട്ടുചെയ്യാൻ തുടങ്ങിച്ചപ്പോൾ അദ്ദേഹം അതിൽ ഭാഗഭാക്കാകാൻ പാടില്ലെന്ന ഞാൻ അന്നു ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അന്നപ്രകാരം ഞാൻ ചെയ്തത് ഇന്നത്തെ സ്ഥിതിയെ പ്രതീക്ഷിച്ചാണ്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പരമാത്മാവിൽ ക്ഷേത്രത്തിൽ വിശ്വാസമുള്ള ഹിന്ദുക്കൾ ആയിരിക്കണം ഇതിന്റെ കാര്യകർത്താക്കളെന്നുള്ളതിൽ സംശയമില്ല. ഹിന്ദുവിഭാഗത്തിൽ ചക്രനേയും ചടയനേയും പരബ്രഹ്മത്തേയും വിശ്വസിക്കുന്നവർ കാണും. അതുപോലെതന്നെ ഈശ്വരനെ കണ്ടിലും കേണിലും കാണുന്നവരുമുണ്ട്. ക്ഷേത്രത്തിന്റെ കാര്യങ്ങളിൽ ശരിയായും പരമാത്മാവായും പ്രവർത്തിക്കുന്നതിനു ക്ഷേത്രവിശ്വാസികൾക്കുമാത്രമെ സാധിക്കയുള്ള. ഈശ്വരനിൽ വിശ്വാസമില്ലാത്തവരെ ഇതേല്പിച്ചാൽ കോഴിക്കുട്ടിനുമുമ്പിൽ കുറുക്കനെ കാവൽനിർത്തുന്നതുപോലെ ആയിപ്പോകും. ഒരു മന്ത്രി അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പ്രസ്താവിക്കയുണ്ടായി, ഈ ക്ഷേത്രങ്ങളെല്ലാം ഇടിച്ചുപൊളിച്ചു അവിടം ഒരു കാഷ്യൂബംഗ്ലാവാക്കണമെന്നു്. ഇങ്ങിനെയുള്ളവരെ എല്പിച്ചാൽ ക്ഷേത്രങ്ങളും എന്തുയും വേഗത്തിൽ നശിച്ചുപോകുമെന്ന വ്യക്തമാണ്.

ശ്രീ. ഏ. ചിതമ്പരനാഥ നാടാർ: அந்த மந்திரி யார் என்று சொல்ல முடியுமா?

ശ്രീ. മാന്നാർ ഗോപാലൻനായർ. അദ്ദേഹത്തിന്റെ പേർ ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നിർബന്ധമാണെങ്കിൽ വീട്ടിൽവന്നാൽ പേർ പറഞ്ഞുതരാം. ഒരു കാൺഗ്രസ്സ് പ്രവർത്തകൻ ഈയിടെ പ്രസ്താവിക്കയുണ്ടായി, ക്ഷേത്രങ്ങളിൽ ഉണ്ണുന്നി അപ്പത്തിനുപകരം കട്ട്‌ലറ്റ് നിവേദിച്ചാൽ എത്ര നന്നായിരിക്കുമെന്നു്. ഇപ്രകാരമുള്ള കാൺഗ്രസ്സുകാരിലും ക്ഷേത്ര അവിശ്വാസികളിലും ക്ഷേത്രങ്ങൾ ഏല്പിക്കുന്നതുകൊണ്ടാണ് ഈ ബിൽ ഇവിടെ ഹാജരാക്കപ്പെട്ടിരിക്കുന്നതു്. ഒരുപക്ഷെ നാസ്തികന്മാരിൽതന്നെ ദേവസ്വങ്ങളുടെ ഭരണം ഈ ബിൽ അനുസരിച്ചു ചെന്നുചേർന്നുവെന്നുവരാം. അതുകൊണ്ടാണ് ഹിന്ദു എന്നതിന്റെ നിർവചനം ഈ ബില്ലിന്റെ ആദ്യ ഘട്ടത്തിൽതന്നെ എഴുതി ചേർക്കണമെന്നു ഞാൻ പറയുന്നതു്. അങ്ങനെ എഴുതി ചേർക്കുന്നപക്ഷം ഈ കുഴപ്പങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുന്നതാണ്. അതുകൊണ്ടു് എന്റെ ഭേദഗതിമൂലം എനിക്കാവശ്യപ്പെട്ടുവാനുള്ളതു്, ഈ നിർവചനം ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സ്വീകരിച്ചു ഉണ്ടാകുവാൻ പോകുന്ന കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാക്കണമെന്നാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശ്രീ. മാന്നാർ ഗോപാലൻനായർ അവർകൾ ഹാജരാക്കിയ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഒരു ഹിന്ദു എന്നു പറഞ്ഞാൽ ആരാണെന്നു വ്യക്തമാക്കേണ്ടതു വളരെ അത്യാവശ്യമാണ്. ഞാൻ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഒരു ഹിന്ദുവായിട്ടാണ് വോട്ടുചെയ്തതു്. എന്നാൽ ഈ വസ്തുതയെ സംബന്ധിച്ചു് എന്റെ അഭിപ്രായഗതിയല്ല ഭൂരിപക്ഷം ഹിന്ദുക്കളിലും ഇന്നു കാണുന്നതു്. അങ്ങിനെയായിരുന്നുവെങ്കിൽ ചിലപ്പോൾ ഞാൻ ദേവസ്വം ബോർഡു പ്രസിഡൻറ ആകുമായിരുന്നു. ദീർഘകാലമായി ക്ഷേത്രങ്ങളിൽപോകാത്ത ഒരുവനാണ് ഞാൻ. ഞാൻ ദൈവാരാധനക്കുവേണ്ടി ക്ഷേത്രങ്ങളിൽ പോകുന്നില്ലെങ്കിലും ക്ഷേത്രങ്ങൾ നല്ല സ്ഥാപനങ്ങളാണെന്നു് വിശ്വസിക്കുന്ന ഒരു ഹിന്ദുവാണു്. ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ശ്രീ. മന്നത്തുപത്മനാഭപിള്ള അവർകളെപ്പോലെയുള്ള ആളുകളാണ് ദേവസ്വംബോർഡിൽ അംഗങ്ങളായിരിക്കേണ്ടതു്. എന്നെപ്പോലെയുള്ളവരും അദ്ദേഹത്തെപ്പോലെയുള്ളവരും ഹിന്ദുക്കളാണു്. എന്നാൽ യഥാർത്ഥഹിന്ദു ഇതിൽ ആരാണെന്നറിഞ്ഞു് ശരിയായവിധത്തിൽ ക്ഷേത്രസ്വത്തുക്കൾ ഭരിക്കുന്നതിനു് കഴിവുള്ളവരെ മാത്രം അതിലെ അംഗങ്ങളായി നിയമിക്കുവാൻ പാടുള്ള. ബഹു. മന്ത്രി പറയുമായിരിക്കും ഹിന്ദുക്കളെ ഈ വിധത്തിൽ തരംതിരിക്കുവാൻ വിഷമമുണ്ടെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല ഈമാതിരി ഭയപ്പെടുവാനുള്ള കാരണമില്ലെന്നും അദ്ദേഹം പറയുമായിരിക്കാം. പക്ഷെ എനിക്ക് പറയുവാനുള്ളത് ചില കമ്മ്യൂണിസ്റ്റ് സഹോദരന്മർ ചില സമുദായസംഘടനകൾക്കുള്ളിൽ പ്രവേശിച്ച് ആവിധം അവരുടെശക്തി വളർത്തിക്കുവാൻ ശ്രമിക്കുന്നതുപോലെ ദേവസ്വം ബോർഡിലും അവർ പ്രവേശിച്ച് അതിനെയും കൈവശപ്പെടുത്താൻ അവർ ശ്രമിച്ചേക്കും. അവർ എവിടെകടന്നാലും അവർ കമ്മ്യൂണിസ്റ്റ പ്രവർത്തകന്മാർതന്നെയാണ്, അവർ അതിനുവേണ്ടി പ്രവർത്തിക്കയുംചെയ്യും. എന്നെപ്പോലെയുള്ളവരെ ദേവസ്വം ഭരണമേൽപ്പിച്ചാൽ ഭരണം എപ്രകാരമായിരിക്കുമെന്ന് എനിക്കുതന്നെ നിശ്ചയമില്ല. അതുകൊണ്ട് ഹിന്ദു എന്നപറയുന്നതു ആരാണെന്ന വ്യക്തമാക്കണം. ഹിന്ദുമതത്തിലെ യഥാർത്ഥ വിശ്വാസികൾക്കുമാത്രമേ ദേവസ്വംബോർഡിലെ അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ അർഹതയുള്ളു എന്നാണ് എന്റെ അഭിപ്രായം. ഈ ഭേദഗതിയിൽ പറയുന്നതുപോലെ

',A Hindu for the purpose of this Act is one who possesses faith in the temple cult of Hindu Dharma."

Temple cult എന്നു പറഞ്ഞിരിക്കുന്നതിൽ അദ്ദേഹം എന്തുദ്ദേശിക്കുന്നു എന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല അദ്ദേഹം എന്തു മനസ്സിലാക്കുന്നു എന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. ഞാൻ മനസിലാക്കുന്നതു്, കോവിലിൽപോയി തൊഴുന്ന് അവിടത്തെ കല്ലിനു് ശക്തിയുണ്ടെന്നു വിശ്വസിച്ച് അതിനു് പുഷ്പങ്ങളും കൈക്കുലിയുംകൊടുത്തും എണ്ണതേപ്പിച്ചും, കുട്ടികൾക്കുപോലും പാൽകുടിക്കുവാൻ നിവർത്തിയില്ലാത്ത ഈ അവസരത്തിൽ ധാരാളം പാൽ അതിന്റെമേൽ ചൊരിഞ്ഞും ഈശ്വരവിശ്വാസം പ്രകടിപ്പിക്കുന്നവരെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നാണ്. ചിലർ ക്ഷേത്രങ്ങളിൽ പോകുന്നതു് മറ്റുചില പ്രത്യേക ഉദ്ദേശങ്ങളോടുകൂടിയാണ്. ക്ഷേത്രത്തിൽ തൊഴാൻ പോകുന്നവരെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെങ്കിൽ ഇന്ന് കോവിലുകളിൽ പൂജാദികർമ്മങ്ങൾ ശരിയായി നടത്തണമെന്നു് നിർബന്ധമുള്ളവരെയാണ് അതിനു് ചുമതലപ്പെടുത്തേണ്ടതു്. അവർക്കുമാത്രമേ ദേവസ്വംകാര്യം കൈകാര്യം ചെയ്യാൻ അവകാശമുള്ളു. എതായാലും ഹിന്ദു എന്നവാക്കിന്റെ നിർവചനം ഈബില്ലിൽ അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം മുമ്പു ഇവിടെ പ്രസ്താവിച്ചമാതിരിയുള്ള കുഴപ്പങ്ങളെല്ലാം സംഭവിക്കും. ദേവസ്വം രാഷ്ട്രീയകക്ഷികളുടെ കയ്യിൽ മാത്രമല്ല, "കായംകുളം കൊച്ചുണ്ണി"കളുടെ കൈവശത്തിലും ചെന്നുചേർന്നെന്നു് വരാം. അതുകൊണ്ടു് യഥാർത്ഥത്തിൽ ഈശ്വരനിൽ വിശ്വസിക്കുന്നവരെമാത്രമേ ഇതിന്റെ കർത്തവ്യം ഏൽപ്പിക്കുവാൻ പാടുള്ളു.

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. എ. കെ. പാച്ചുപിള്ളയുടെ ഭേദഗതിയെ എതിർത്തുകാരണങ്ങൾകൊണ്ടുതന്നെ ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. ശ്രീ. മാന്നാർ ഗോപാലൻനായർ പറഞ്ഞതായ

"Possession of faith in the temple cult of Hindu Dharma"

അതിനു് ഹിന്ദുമതത്തിൽ സ്ഥാനമില്ല. ആ കാരണംകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. C. C. Prasad: Sir, I move: In Clause 2, the following be deleted:- "but shall not.... family"

Provided.....of this Part."

ഇന്നത്തെനിലയിൽ "but shall not include any Hindu religious institution belonging to and under the sole management of a single family.

എന്നു പറയുന്നതു് മനകളെ ഉദ്ദേശിച്ചാണെന്നു് മുക്കം അറിയാം. ഇവിടത്തെ സ്ഥിതിയല്ല കൊച്ചിയിൽ ഉള്ളതെന്നു് എല്ലാവർക്കും അറിവുള്ളതാണ്. തിരുവിതാംകൂറിലെ ഭൂരിപക്ഷം ക്ഷേത്രങ്ങളും പ്രൈവറ്റ ക്ഷേത്രങ്ങളാണ്. ഇവയെ ദേവസ്വംബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കേണ്ട യാതൊരാവശ്യവും ഇല്ല. അതു ഹൈന്ദവതാല്പര്യത്തിനു വിരുദ്ധമാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിന്റെ വടക്കൻതാലൂക്കുകളിലുള്ള മിക്കക്ഷേത്രങ്ങളും പ്രൈവറ്റ ക്ഷേത്രങ്ങളാണ്. അവ ഉരാണ്മക്ഷേത്രങ്ങൾ ആണെന്നാണ് പറയപ്പെടുന്നതു്. അവിടെ അയിത്തജാതിക്കാർക്ക് ഇന്നും പ്രവേശനം അനുവദിച്ചിട്ടില്ലെന്നു് ഗവൺമെന്റിനും അറിയാം. അവർക്ക പ്രവേശനം

LIBRARY ARCHIVES Kerala Legislative Assembly

[Sri. C. C. Prasad]

പോലും അനുവദിക്കാത്തസ്ഥിതിക്ക് ഹിന്ദുക്കൾക്ക് പുരോഗമനം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബില്ലിൽനിന്നു അങ്ങിനെയുള്ള ക്ഷേത്രങ്ങളെ ഒഴിവാക്കുന്നതു നീതിയല്ല. അതിനു വിപരീതമായി പ്രൈവറ്റുക്ഷേത്രങ്ങളെ ഒഴിവാക്കുന്ന ഈ ക്ലാസ് എനിക്ക് അശേഷം സ്വീകാര്യമല്ലെന്നു പറയാതെ തരമില്ല. ഇപ്രകാരമുള്ള ക്ഷേത്രങ്ങളിൽ ഈ അടുത്തകാലത്തു അയിത്തഹിന്ദുക്കൾ ക്ഷേത്രദർശനത്തിനു ചെന്നാലുപ്പാം ഊരാണ്മക്ഷേത്രങ്ങളാണെന്നു പറഞ്ഞു അവരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ചില്ല. ഇതുസംബന്ധിച്ച് എന്റെ അടുക്കൽ പരാതിവന്നപ്പോൾ ഞാൻ ഈകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നു അവർക്ക് ഉറപ്പുനൽകുകയുണ്ടായി. തീർച്ചയായും ഈ ബില്ലുമൂലം അയിത്തജാതിക്കാർക്ക് ഗുണമുണ്ടാകണം. അല്ലാതെ വലിയ ജന്മിമാരെ സഹായിക്കുന്നതിനുവേണ്ടിയല്ല ഈ ബിൽ പ്രയോജനപ്പെടുത്തേണ്ടതു്. എന്റെ ഭേദഗതി സ്വീകരിക്കാത്തപക്ഷം പാവങ്ങൾക്ക് ഗുണമുണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് ഈ ക്ലാസ് എടുത്തുകളയണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ഇവിടെ ജന്മികളുടെയും മനകളുടേയും കഥയൊക്കെ പറയുന്നതുകേട്ട്. ഇതു് ഒരു മാതിരി മഞ്ഞപ്പിത്തം പിടിച്ചാലത്തെ കഥപോലെയാണു്. ജന്മിയോടും മനയോടും വിദ്വേഷമുണ്ടെന്നു കരുതി ആ വാക്കുകൾ എവിടെ കണ്ടാലും ചാടിവീഴുന്നതു് അപകടമാണു്. ഗവൺമെണ്ടു് അറിയാതെ സാധുക്കൾക്കു് ചെയ്തുപോയിട്ടുള്ള ഒരു ഗുണമാണു് ഈ വ്യവസ്ഥ. അറിഞ്ഞിരുന്നെങ്കിൽ മാറ്റിക്കളഞ്ഞേനെ എന്നാണു് എനിക്കു തോന്നുന്നതു്. അങ്ങനെ ഗവൺമെണ്ടു് അറിയാതെ, സാധുക്കൾക്കു് വന്നുപോയ ഗുണത്തെ ആവശ്യമില്ലാതെ കുത്തിപ്പൊക്കിക്കാണിച്ചു് ഇല്ലാതാക്കുവാനല്ലെ എന്റെ സ്നേഹിതൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നു് ഞാൻ ഭയപ്പെടുന്നു. സാധാരണ ഒന്നോ രണ്ടോ ഏക്കർ പുരയിടം മാത്രമുള്ള കുടുംബങ്ങൾക്കും "തെക്കതും" അവിടെ പൂജാതികർമ്മങ്ങളും ഉണ്ടായിരിക്കുക ഈ നാട്ടിൽ സാധാരണമാണു്. വീട്ടിന്റെ തെക്കുവശത്തു് പണിഞ്ഞിരിക്കുന്നതായതുകൊണ്ടുമാത്രം ആണു് അതിനെ "തെക്കതു്" എന്നു വിളിക്കുന്നതു്. ചിലയിടത്തു് പ്രത്യേകം കെട്ടിടം ഉണ്ടായിരിക്കയില്ല; വീട്ടിന്റെ തെക്കെ മുറിതന്നെയായിരിക്കും പൂജയ്ക്കുപയോഗിക്കുന്നതു്. അനേകം അംഗങ്ങളുള്ള കുടുംബങ്ങളിൽ മൂത്തകാരണവനായിരിക്കും ഇതിന്റെ ഭരണകാര്യങ്ങളും പൂജാകാര്യങ്ങളും മറ്റും നിർവ്വഹിക്കുന്നതു്. ഇങ്ങനെ വീട്ടിന്റെ തന്നെ ഒരു മുറിയിലോ അല്ലെങ്കിൽ തൊട്ടടുത്തു് പണിതിട്ടുള്ള ചെറിയ കെട്ടിടത്തിലോ വെച്ചു് പൂജ നടത്തിയാൽ അതുകൂടെ പിടിച്ചെടുത്തു് ദേവസ്വം ബോർഡിന്റെ കീഴിലാക്കണമെന്നു് പറയുന്നതു് അക്രമമാണു്. അവിടെ സാധാരണ അന്യർക്കു് പ്രവേശനം അനുവദിക്കയില്ല. പ്രവേശിക്കാൻ ആരും പോവുകയുമില്ല. അതല്ലാ, അവിടെ പോയി ആരാധന നടത്തണമെന്നു് ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ ദൂരെപോയിനിന്നു് തൊഴുതുകൊണ്ടുപോകുന്നതിനും അക്കും വിരോധമില്ല. ഒരേക്കറോ രണ്ടേക്കറോ ഭൂമിയുള്ള പാവപ്പെട്ട പലയാളുകളും ഇമ്മാതിരി തെക്കതുകൾവച്ചു് പൂജ നടത്തുന്നുണ്ടു്. അതുകൂടെ ഗവൺമെണ്ടു് പിടിച്ചെടുക്കണമെന്നു പറയുന്നതു് എന്തു നീതിയാണെന്നു് ആലോചിച്ചുനോക്കേണ്ടതാണു്. ചാരിറ്റബിൾ 'എൻഡോമെന്റ്സ്' എല്ലാംതന്നെ ഇവിടെ ട്രസ്റ്റ് നിയമമനുസരിച്ചു് നടന്നുവരികയായിരുന്നു. എന്നാൽ ഈ നിയമവും ദേവസ്വം ബോർഡും വന്നതോടുകൂടി, വളരെനല്ല ഉദ്ദേശത്തോടുകൂടി വളരെ നല്ല കാര്യങ്ങൾക്കായി നല്കിയിരുന്ന ആ തുകകളെല്ലാം രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടുനടക്കുന്ന ഒരുകൂട്ടം ആളുകളുടെ കയ്യിൽ വന്നുചേരാൻ പോവുകയാണു്. അതിനൊക്കെ ഒന്നോ രണ്ടോ ഏക്കറുള്ള പാവപ്പെട്ടവൻ വല്ല തെക്കതോ മറ്റോ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതുകൂടെ ഗവൺമെണ്ടു് പിടിച്ചെടുത്തു് ഈ ബോർഡിനെ ഏല്പിക്കണമെന്നാണു് ഈ ഭേദഗതികൊണ്ടു വരുന്നതു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥ വളരെ സങ്കടകരമാണു്. കൊച്ചിയിലെങ്ങനെയാണെന്നു് എനിക്ക് നിശ്ചയമില്ല. അവിടെ അങ്ങിനെ വേണമെങ്കിൽ ആയിക്കൊള്ളട്ടെ; എനിക്കു് വിരോധമില്ല. ഏതായാലും സാധുക്കൾ കേറിക്കിടക്കുന്ന വീട്ടിനെകൂടെ പൂജനടത്തുന്ന എന്ന കാരണംകൊണ്ടു് പിടിച്ചുപറിക്കരുതേ എന്നാണു് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. പ്രസാദ്: ഇതു് ഇങ്ങനെ പാസാക്കിക്കഴിഞ്ഞാലെ ബഹുമാനപ്പെട്ട മെമ്പർക്കു് ഗവൺമെണ്ടിനെ കൂടുതൽ കുറ്റം പറയുവാൻ സാധിക്കുവെന്നുള്ള ഉദ്ദേശംകൊണ്ടല്ലെ എന്റെ ഭേദഗതിയെ എതിർക്കുന്നതു്?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതു് പാസാക്കിയാലും പാസാക്കിയില്ലെങ്കിലും കൊള്ളാമെന്നു കാണിച്ചാൽ ഗവൺമെണ്ടിനെ കുറ്റം പറയുക എന്നുള്ള ഒരു ഉത്സാഹവും എനിക്കു് പണ്ടേയുള്ളതാണു്. അതു് ഇന്നുമുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അതിന്റെ കാരണങ്ങൾ വിശദമാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

The amendent was put and lost.

The question that clause 2 as amended stand part of the Bill was put and carried.

Clause 2 as amended was added to the Bill.

Clause 3

Sri. Mannar Gopalan Nayar: I move:

"In clause 3, in the last two lines, delete the words "a Board known by the name of". I only suggest that in the wording there is a superfluity.

Sri. T. K. Narayana Pillai: I accept the amendment.

The motion was adopted.

Sri. Sree V. Das: I move In Clause 3, line eight delete "except the Sree Padmanabhaswamy Temple.....said temple" after '1949'

இந்தத் திருத்தத்தைப் பிரேரேபிப்பதற்குக் காரணம், திருவிதாங்கூர் என்று முன் காலத்தில் அறியப்பட்டிருந்த பிரதேசத்திலுள்ள தேவஸ்தானங்களில் ஆலயப் பிரவேசன விளம்பரம் போன்று பல காரியங்கள் நடந்ததென்பது எல்லோருக்கும் தெரிந்த விஷயமாகும். அதோടു, இந்தத் தேவஸ்தானத்தில் பத்மனபசுவாமி கோவிலும் அந்தக் காலத்தில் உட்பட்டிருந்தது. ஆனால், இப்பொழுது இந்தக் கிளாஸில் குறிப்பிட்டிருப்பது என்னவென்றால் பத்மனபசுவாமி கோവിലையும், அது சம்பந்தப்பட்ட சொത്തുക്കളെയും திருவிதாங்கூர் தேவஸ்வம் போர்ட்டின் அதികാരത്തിലിരുന്നു നീക്കം செய்யவேண்டுമെന்று. திருவிதாங்கூரில் ஒரு காலத்தில் சர்வ கோவில்களும், அதன் சர்வ சொത്തുക്കളും ஒரு தேவஸ்வம் டிப்பார்ட்மென்டின் கீழ் இருந்തതു நமக്കു നന്നു தெரியும். அதே சமயத்தில் இந்த பத்மனப சுவாமி கோവിലும் அതു சம்பந்தப்பட்ட சொത്തുക്കളും மாத்திரம் தனியாக வைத்துக்கொண்டிருப்பதென்பது, ஹிந்துமதத்திற்கும், ஹிந்துக்களின் ஒற்றுமைக்கும் ஹானிகரம் விளைக்கும் என்று எனக்குச் சொல்லாமலிருக்க முடியாது. ஒருவேளை கவனெண்ட் பிரகாரம் இந்த பத്മനபசுவாமி கோവിലെ இതിலിരുന്നു கண்டிப்பாக நீக்கம் செய்ய வேண்டுமென்று இருന്താലും கூட, கவனെண്ട് சீர்திருத்தம் செய்யப்படும்போது இந்த விஷயத்தை, அதிகார பீடத்தில் இருப்பவர்களுடைய சിത്തയിലും, பொതു மக்களின் சിത്തയിലും உட்படுത്തവേண്டിയതൊരു சந்தர்ப்பத்திற்காகத்தான் நான் இப்பொழுது இதை பிரேரேபிக்கின்றேன். ஒரு காலத்தில் திருவிதாங்கூர் முழുവതുമേ ஒரு தேவஸ்வ சொத்தாக இருந்ததென்பது நாம் நன்கு அறிந்த ஒரு விஷயமாகும். அதே சமயத்தில் முதன்முதலாக இந்த பத்மனபசுவாமி கோவிலில் மஹாராஜா அவர்களுக்கு ஒரு தனி உரிமையும், சொந்தமுമിருന്നതാക നാம் காண்கിறோம். இந்தத் திருவிதாங்கூர் சமஸ்தானம் முழுவதையுமே பத்மனபசுவாமி அவர்களுக்கு சமர்ப்பணம் செய்து, பத്മനபசுவாமி அவர்களുടെ പ്രതിനിധിയാക മഹാராജാ அவர்கள் இந்த நாட்டை ஆண்டுவந்தார்கள் என்பதும் நாம் அறிந்த விஷயமாகும். அதே சந்தர்ப்பத்தில் இந்த பத്മനபசுவாമി கோവിലിற்கു ஒப்பாக இருக்கக்கூடிய சுசீந்திரத்திலுள்ள ஆலயத்தையும் அதன் சரித்திரத்தையும் இந்த இடத்தில் குறிப்பிடாமல் எனக்கு இருக்க முடியாது. சாதாரணமாக பண்டைக் கால திருவிதாங்கூர் அரசர்கள் ராஜ்யபாரத்தை ஏற்றுக்கொள்ளும்போது சுசீந்திரத்தில் 'படி ஏற்றம்' என்றதൊരു சடങ്ങை நடத்தினால்தான் சரியானபடி ராஜ்யபாரம் நிர்வகிக்க யோக்கிய

LIBRARY ARCHIVES Kerala Legislative Assembly

[Sri. Sree V. Das]

தை உண்டென்று கூறப்பட்டிருக்கிறது. அதோடு, நாஞ்சில் நாடு என்ற பிரதேசம் மஹாராஜா அவர்களின் கீழ் வந்தபோது ஒரு ஒப்பந்தம் ஏற்பட்ட விஷயத்தையும் சரித்திரவாயிலாகக் காணலாம். அன்று, அந்த நாஞ்சில் நாடு பிரதேசம் ஒரு குடியரசாக யிருந்ததென்பதும் நமக்குத் தெரியும். அங்குள்ள மக்கள் திருவிதாங்கூர் மஹாராஜா அவர்களிடம் ஒரு ஒப்பந்தம் செய்துகொண்டு இந்தத் திருவிதாங்கூர் ராஜ்யத்தோடு சம்பந்தப்பட்டார்கள். அப்பொழுது சுசீந்திரத்திற்கு என்று ஒரு பிரத்தியேக உரிமையையும் ஒரு பிரத்தியேக அனுமதியையும் கோரியிருந்தார்கள். மஹாராஜா அவர்களும் அன்று வாக்களித்திருந்தார்கள். அந்த வாக்களிப்பிற்கு, நியாயமான முறையிலே என்ன செய்ய வேண்டுமென்றால், ஸ்ரீ பத்மனப சுவாமி கோவிலிற்கும், அதன் சொத்துக்களுக்கும் மாத்திரம் ஒரு தனி உரிமை வைத்துக்கொண்டு சுசீந்திரத்திற்கு பிரத்தியேகமானதொரு உரிமையும் கொடுக்காத நிலைமையில், திருவிதாங்கூரிலுள்ள எந்தக் கோவில்களுக்கும், அக்கோவில்கள் சம்பந்தப்பட்டசொத்துக்களுக்கும் ஒரு தனி உரிமையும் இருக்கக்கூடாதென்பது தான் எனது அபிப்பிராயம். தனிப்பட்ட முறையில், இந்த பத்மனப சுவாமி கோவிலுக்கு மாத்திரம் ஒரு போர்ட் என்றும், அதற்கு ஒரு தனி நிர்வாகம் ஏற்படுத்துவதென்பதும், இன்றைய வழக்கத்திற்கும், நடப்பிற்கும் ஒவ்வாததொரு காரியமாகும் என்று நான் இங்கு குறிப்பிட விரும்புகிறேன். ஆகவே திருவிதாங்கூர், தேவஸ்வம் போர்ட்டின் அதிகாரத்தின் கீழ் இந்த பத்மனபசுவாமி கோவிலையும் உட்படுத்தவேண்டுமென்று சொல்லிக்கொண்டு நான் இந்தத் திருத்தத்தைப் பிரேரேபிக்கின்றேன்.

ஸ்ரீ. ஆர். கெ. ராம்: கனம் தால் அவர்களுடைய திருத்தத்தை நான் ஆதரிக்கிறேன். ஸ்ரீ பத்மனபசுவாமி கோவிலையும்கூட இந்த தேவஸ்வம் போர்ட்டினுடைய ஆதீனத்தில் உட்படுத்தவேண்டுமென்பதுதான் இந்தத் திருத்தத்தின் கருத்து. மற்ற தெய்வங்களைவிட ஸ்ரீ பத்மனபசுவாமி கடவுளுக்கு கூடுதலாக என்ன சிறப்பு இருக்கிறதென்று எனக்குப் புலப்படவில்லை. பத்மனப சுவாமிக்கு எவ்வளவு உரிமை, எவ்வளவு சக்தி, எவ்வளவு வல்லமை, எவ்வளவு அரசாங்கத்தில் பிடி உண்டோ அதே போல் சுசீந்திரத்திலிருக்கிற கடவுளுக்கும் இருக்கிறது. ஆகவே பத்மனபசுவாமிக்கு என்று ஒரு தனி உரிமை கொடுப்பதினால், அது தேவஸ்வம்போர்ட், மற்றக் கடவுளுக்கு இழைக்கும் ஒரு அநீதியாகும். இங்ஙனம் பத்மனபசுவாமிக்கென்று ஒரு தனி உரிமை கொடுத்தால், அதேபோல் நியாயமான உரிமை அளிக்கப்படவேண்டிய அனேக கடவுள்கள் இச்சமஸ்தானத்தில் இருக்கின்றார்கள். உதாரணமாக, தென் திருவிதாங்கூரில் இப்பொழுதும் கிருஷ்ணவகை என்றதொரு வகுப்பினர், சேக்கியர்கள், கூர்க்காஸ்போன்று போர் புரியும் திறமை வாய்ந்ததொரு வகுப்பினர் இருக்கின்றார்கள். அவர்களது வாலாற்றை எடுத்துப் பார்த்தால், அவர்கள் வரும்போது அம்பாடி கிருஷ்ணசுவாமி என்ற பிம்பத்தை எடுத்து வந்ததாகவும் அது பத்மனப சுவாமி கோவிலில் இப்பொழுதும் இருக்கிறதாகவும், அவர்கள் வந்தபோது, அந்த பிம்பத்திற்கு தனி உரிமை வேண்டுமென்று கேட்டு, அதற்கென தனியாக வழி பாடு நடத்தப்பட்டு வருவதாகவும் தெரிகிறது. இங்ஙனம் பத்மனப சுவாமிக்கென்று ஒரு தனி உரிமை கொடுக்கும்போது மேற்சொன்ன கடவுளுக்கு, தனிவழிபாடு முதலியவைகள் செய்கிற காரணத்தினால், அந்தக் கடவுளுக்கும் தனி ஒருவிதி அளிக்கவேண்டுமென்று கேட்டால் அதை நாம் நியாயமாக கொடுக்கவேண்டிவரும். ஹிந்து மதத்தில் பட்ட அத்தனை கடவுள்களையும் எண்ணிப்பார்த்து ஒவ்வொருவருக்கும் தனித் தனியாக உரிமைகள் வழங்கப்படவேண்டுமென்று சொன்னால், இந்த உலகத்தில் இருக்கிற சொத்துக்கள் அத்தனையுமிருந்தாலும்கூட இந்நிலையை சமாளிக்க முடியாது. இவ்விதம் சீர்திருத்தமில்லாத முறையில் சீர்குலைந்திருக்கும் நிலையில், அமைக்கப்படுகின்ற தெய்வங்கள், கடவுள் என்று அழைக்கப்படுகிற இனங்கள் அத்தனையையும் ஒன்றுகச் சேர்த்து தேவஸ்வம் போர்டின் கீழ் ஒரு கட்டுப்பாடான நிலைமைக்கு கொண்டுவரவேண்டியதுதான் தேவஸ்வம் போர்டின் முதல் கடமையாகும். இது கவனென்டின் கருத்துக்கும் ஒவ்வும். கவனென்டில், இந்த பத்மனபசுவாமி கோவிலை

LIBRARY ARCHIVES Kerala Legislative Assembly

தேவஸ்வம் போர்டை விட்டு வேறுக வைக்கவேண்டுமென்று ஒரு தனி கிளாசும் இருப்பதாகத் தெரியவில்லை. ஆனால் பத்மனுபசுவாமிக்கென்று ஒரு தனித்தொகை ஒதுக்கப்படவேண்டுமென்று சொல்லப்பட்டிருக்கிறது. அதன் நிர்வாகம் ராஜபிரமுக் அவர்களிடம் ஒப்படைக்கப்பட்டும் இருக்கிறது. ஆகவே, அசாலும் உரிமை ராஜப் பிரமுக் அவர்களது கையில் இருப்பதினால், பத்மனுபசுவாமி கோவில் நிர்வாகத்தையும், தேவஸ்வம் போர்டின் அதிகாரத்தின் கீழ் கொண்டுவருவதில் ஒரு குற்றமுமில்லை. ஸ்ரீ பத்மனுபசுவாமியின் சொத்துக்கள், ஸ்ரீ பண்டாரவகை வஸ்துக்கள் என்று சொல்லப்படுகிறது. அந்த வஸ்துக்களுடைய ஆதிகால சரித்திரத்தைப் பார்த்தால், ஸ்ரீ பண்டாரவகை என்ற ஒரு தனிவகை முன்னால் இருந்தது கிடையாது. இங்கு திருவிதாங்கூரிலிருந்த வஸ்துக்கள் அத்தனையும் இங்குள்ள ஆட்களைச் சேர்ந்ததாயிருந்தது. ஸ்ரீ பண்டாரவகை வஸ்துக்கள், ஸ்ரீ பத்மனுபசுவாமியின் வஸ்துக்களென்று கருதப்பட்டு, அது தனிவஸ்து ஆகையால், ஸ்ரீ பத்மனுபசுவாமி அவர்கள் என்னென்ன பாட்டம் வேண்டுமென்று விரும்புகிறார்களோ, அந்தப் பாட்டம் கொடுக்கப்பட்டும் வருகிறது. இப்படி மற்ற வஸ்துக்களுக்கு ஒரு நியாயம், பத்மனுபசுவாமி அவர்களின் வஸ்துக்களுக்கு இன்னொரு நியாயமென்று சொன்னால், அது நீதிக்கும் நியாயத்திற்கும் வேறுபட்டதாகும். இந்த ஸ்ரீ பண்டாரவகை வஸ்துக்களில் அநேகமும் திருவனந்தபுரம் டிவிஷனில் இருக்கிறதே ஒழிய மற்ற பாகங்களில் இருப்பதாகத் தெரியவில்லை. இப்படியாக, வஸ்து என்ற முறையில் அதைப் பரிபாலனம் செய்யும்போது, சுவாமியின் பெயரால் அறநிதி வழங்குவது என்று சொல்வது நியாயத்திற்கும் நேர்மைக்கும் புறம்பானதாகும். ஒரு மனிதனின் பெயரைச் சொல்லிக் கொண்டு ஏதாவது அறநிதி செய்தாலுங்கூட, கடவுளின் பெயரைச்சொல்லி அறநிதி செய்வது அநியாயம். ஆகவே, தேவஸ்வத்தைச் சேர்ந்த எல்லா இனங்களையும் ஒன்று சேர்த்து, ஸ்ரீ பத்மனுபசுவாமி கோவிலும் அதைச் சம்பந்தப்பட்ட சொத்துக்களும் உட்பட, எல்லாவற்றையும் இந்த தேவஸ்வம் போர்டின் அதிகாரத்தின் கீழ்கொண்டுவர வேண்டுமென்ற காரணத்தால், தாஸ் அவர்களுடைய திருத்தத்தை நான் ஆதரிக்கிறேன்.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. രണ്ടു് കാരണങ്ങളാലാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. ഒന്നാമതു് അതു് കവനൻറിലെ വ്യവസ്ഥയ്ക്കു് വിപരീതമാണു്. കവനൻറിലെ വ്യവസ്ഥയനുസരിച്ചു ശ്രീപത്മനാഭസ്വാമിക്ഷേത്രവും ക്ഷേത്രം വക വസ്തുക്കളും ഒരു പ്രത്യേക രീതിയിലാണു് ഭരണം നടത്തുന്നതു്. രണ്ടാമതു്, കവനൻറിലെ വ്യവസ്ഥയനുസരിച്ചാണു് ബോർഡ് രൂപീകരിക്കുവാൻ ഈ ബില്ലിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു്. കവനൻറിലെ വ്യവസ്ഥയനുസരിച്ചു മാത്രം രൂപവല്ക്കരിക്കപ്പെടുന്ന ബോർഡ് ആയിരിക്കണമെന്നു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിച്ചിരിക്കുന്നതുകൊണ്ടു് ബോർഡിനെപ്പറ്റി പ്രത്യക്ഷത്തിൽ സംശയിക്കാനൊന്നുമില്ല. ഇക്കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ലാൻഡ കമ്മിഠറിയുടെ തീരുമാനം ശ്രീപത്മനാഭസ്വാമിക്ഷേത്രം വക സ്വത്തുക്കളെ ബൈൻഡചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ലാൻഡകമ്മിഠറിയുടെ കാര്യം വരുമ്പോൾ ആലോചിക്കാം.

The amendment was put and lost.

Sri. P. S. Nataraja Pillai: I move the following amendment:

"In Clause 3, omit the words 'any educational or other institutions' and substitute the words 'all institutions'.

Sir, here it is said that the management of any educational or other institutions shall vest on the Board.

Sri. T. K. Narayana Pillai: Sir, I accept the amendment.

The amendment was accepted by leave of the House.

The motion was adopted.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: I move the following amendment:

After the word 'shall' in the penultimate line in Clause 3, insert the words 'for the time being,'

The Clause as amended will read thus:

"3. The administration of incorporated and..... except the Sri Padmanabhaswami Temple, Sri Pandaravaga properties and all other properties and funds of the said temple, and the management of all institutions which were under the Devaswom Department shall, *for the time being,* vest in a Board known by the name of the Travancore Devaswom Board".

My object in moving this amendment is this. The administration of these endowments will vest in the Devaswom Board for the time being, that means, until other arrrangements are made. This should not be a permanent law. This law should be only provisional until permanent arrangements are otherwise made. I think it is better that I move the next amendment before this is disposed off. The next amendment is this:

Number Clause 3 as sub-clause (1) and add the following:—

(2) The Board shall function only so long as the provisions made in the following sub-clauses are implemented:

(3) A body representative of the Hindus of Travancore shall be elected.

(4) The number of members of that body shall be 36, *i.* e., one for approximately one lakh of the Hindu population of Travancore.

(5) Travancore shall be devided into 36 electorate, each of which will contain approximately one lakh of Hindus and each of which shall elect one member on the basis of adult franchise, the minimum age of a voter being 21.

(6) Before he votes every voter should declare that he is a Hindu and that he is a temple worshipper or believes in temple worship.

